പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 830 — 13.6.2012 ന് മറുപടിയ്ക്ക്.

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഐ.ടി.സി. ക്ക് സ്വന്തമായി കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഐ.ടി.സി. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത സ്ഥാപനത്തിന് കെട്ടിട നിർമ്മാണത്തിനായി ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് അഞ്ച് ഏക്കർ സ്ഥലം വിട്ടുനൽകാൻ സന്നദ്ധത പ്രകടിപ്പിച്ച വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചെറിയമുണ്ടം ഐ.ടി.ഐ. യ്ക്ക് സ്ഥലം നൽകാമെന്ന് ഗ്രാമപഞ്ചായത്ത് സമ്മതിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം കൈമാറിനൽകിയിട്ടില്ല. |
| (സി) പ്രസ്തുത സ്ഥലത്ത് ഐ.ടി.സി.ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ടോക്കൺ പ്രൊവിഷൻ മാത്രമേ ഉള്ളൂ എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത കെട്ടിടനിർമ്മാണ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ? | (ഡി) സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകാത്തതിനാൽ നിർമ്മാണ പ്രവർത്തനത്തിന് വകുപ്പുതലത്തിൽ നടപടി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ